**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 725** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>കോന്നിയിലെ അംബേദ്കർ ഗ്രാമം ഉന്നതികളുടെ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കോന്നി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗ അംബേദ്കർ ഗ്രാമം ഉന്നതികളിലെ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

<u>**മറുപടി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള അംബേദ്കർ ഗ്രാമങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.</u>

1. **<u>ഇട്ടുപ്പ് കല്ല് കൊച്ചാണ്ടി നഗർ</u>** -നിർമ്മാണം പൂർത്തീകരിച്ചു

2. **<u>കോതയാട്ടുപാറ പട്ടികജാതി നഗർ</u>** - നിർമ്മാണം പൂർത്തീകരിച്ചു.

3. **<u>പാടം ലക്ഷം വീട് ഇരുട്ടുത്തറ നഗർ</u>** – ഭവനപുനരുദ്ധരണം എട്ട് എണ്ണത്തിൽ 7 എണ്ണം പൂർത്തിയായി. സംരക്ഷണ ഭിത്തി 14 എണ്ണത്തിൽ 13 എണ്ണം പൂർത്തിയായി. റോഡ് കോൺക്രീറ്റ് 2 എണ്ണം പൂർത്തിയായി. ഫുട്പാത്ത് (ഇടവഴി) കോൺക്രീറ്റിംഗ് ഒരെണ്ണം തർക്കം ഉണ്ട്. സ്ട്രീറ്റ് ലൈറ്റ് കെൽട്രോണിന് നൽകിയിട്ടുണ്ട്. കിണർ പുനരുദ്ധാരണം സാങ്കേതിക തടസ്സം ഉള്ളതിനാൽ ഒഴിവാക്കുന്നു. ഡ്രെയിനേജ് ചെയ്യാനുണ്ട്.

4.**<u>കണ്ണങ്കര ചെമ്മണ്ണേറ്റം നഗർ</u>** – ഭവന പുനരുദ്ധാരണം 25 ൽ 13 എണ്ണം പൂർത്തിയായി. റോഡ് കോൺക്രീറ്റ് 2 ൽ ഒരെണ്ണം പൂർത്തിയായി. സംരക്ഷണഭിത്തി (1), നടപ്പാത (4) എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള അംബേദ്കർ ഗ്രാമവുമായി ബന്ധപ്പെട്ട വിവരങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്.</u>

**(ബി)** ആവണിപ്പാറ ഉന്നതി അംബേദ്കർ ഗ്രാമം പദ്ധതിയുടെയും ആവണിപ്പാറ പാലം നിർമ്മാണ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കുമോ?

**<u>മറുപടി:</u>** **<u>ആവണിപ്പാറ ഉന്നതി</u>** - അംബേദ്കർ ഗ്രാമം നിർമ്മാണപ്രവൃത്തികൾ തുടങ്ങുന്നതിനായി ഏജൻസി ടെണ്ടർ ക്ഷണിച്ചിരുന്നു എങ്കിലും ആരും തന്നെ ടെണ്ടറിൽ പങ്കെടുത്തില്ല എന്നും റീ-ടെണ്ടർ ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും ഏജൻസി അറിയിച്ചിട്ടുണ്ട്.

**<u>ആവണിപ്പാറ പാലം</u>** - പാലം നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അപ്രോച്ച് റോഡിലെ മരങ്ങൾ വനം വകുപ്പ് നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വിഭാഗം അസി.എക്സി.എഞ്ചിനിയർ (പാലം) സ്ഥലം സന്ദർശിച്ച് നദിയിലെ വെള്ളത്തിന്റെ ലെവൽ കുറയുന്ന മുറയ്ക്ക് സെറ്റ് ഔട്ട് ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

| വർഷം | ഉന്നതി | പുരോഗതി വിവരം |
|---|---|---|
| 2017-18 | കൈതക്കര | പദ്ധതി പൂർത്തീകരിച്ചു. |
| 2020-21 | കാട്ടാത്തി<br>കോട്ടാംപാറ | കാട്ടാത്തി - വനം വകുപ്പിന്റെ അനുമതി ആവശ്യമായ പ്രവർത്തികൾക്ക് അനുമതി ലഭ്യമാക്കുന്നതിന് വനംവകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ അനുമതി ലഭ്യമായിട്ടില്ല. കോട്ടാംപാറ - ഉന്നതിയിലെ 40% പ്രവർത്തികൾ പൂർത്തീകരിക്കുകയും പാർട്ട് ബില്ല് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാവുകയും ചെയ്യുന്ന മുറക്ക് തുക അനുവദിക്കുന്നതാണ് . |
| 2022-23 | 1. പാമ്പിനി<br>2. ആവണിപ്പാറ | 1. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>2. നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനായി ഏജൻസി ടെണ്ടർ ക്ഷണിച്ചിരുന്നു എങ്കിലും ആരും തന്നെ ടെണ്ടറിൽ പങ്കെടുത്തില്ല എന്നും റീ-ടെണ്ടർ ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും ഏജൻസി അറിയിച്ചിട്ടുണ്ട്. |
| 2024-25 | തണ്ണിത്തോട് | ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ ഡി പി ആർ പരിശോധനയ്ക്ക് നൽകിയിട്ടുണ്ട്. ജില്ലാതല ടെക്നിക്കൽ കമ്മറ്റി അംഗമായ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| 2025-26 | കൊടുമുടി | ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ ഡി.പി.ആർ. പരിശോധനയ്ക്ക് നൽകിയിട്ടുണ്ട്. ജില്ലാതല ടെക്നിക്കൽ കമ്മറ്റി അംഗമായ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ റിപ്പോർട്ട് |

| | | |
|---|---|---|
| | | ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |